## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1259

03 .12.2015-ൽ
മറുപടിയ്ക്ക്

### 'സ്റ്റാമ്പ് ഡിപ്പോയിൽ മുദ്രപത്രങ്ങൾ കെട്ടിക്കിടക്കുന്ന സാഹചര്യം'

**ചോദ്യം**
ശ്രീ. കെ. എൻ. എ. ഖാദർ

**മറുപടി**
ശ്രീ. അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

(എ) റവന്യു വകുപ്പിനു കീഴിലുള്ള സ്റ്റാമ്പ് ഡിപ്പോയിൽ 25 പൈസ, 50 പൈസ, 1 രൂപ മുദ്രപത്രങ്ങൾ കെട്ടിക്കിടക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇതിനുള്ള കാരണവും പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കുമോ;

(എ) റവന്യു വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ 25 പൈസ, 50 പൈസ, 1 രൂപ മുദ്ര പത്രങ്ങൾ ഒന്നും തന്നെ സ്റ്റോക്ക് ഇല്ല.

(ബി) സംസ്ഥാനത്ത് എവിടെ നിന്നെല്ലാമുള്ള മുദ്രപത്രങ്ങളാണ് വിതരണം നടത്തുന്നതിന് അനുമതിയുള്ളത്;

(ബി) സെക്യൂരിറ്റി പ്രിന്റിംഗ് പ്രസ്സ്- ഹൈദരാബാദ്, ഇൻഡ്യ സെക്യൂരിറ്റി പ്രസ്സ് – നാസിക് എന്നീ പ്രസ്സുകളിൽ നിന്നും അച്ചടിച്ചു വരുന്ന മുദ്രപത്രങ്ങളാണ് സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ വഴി വിതരണം ചെയ്യുന്നത്.

(സി) സ്റ്റാമ്പ് ഡിപ്പോയിൽ കെട്ടിക്കിടക്കുന്ന മുദ്രപത്രങ്ങൾ റീ-വാലിഡേറ്റ് ഉപയോഗിച്ച് ഇതുമൂലമുണ്ടാകുന്ന നഷ്ടമൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ബാധകമല്ല; ഇപ്പോൾ ഉപയോഗത്തിലുള്ള മുദ്രപത്രങ്ങൾ മാത്രമാണ് നിലവിൽ സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ സ്റ്റോക്കുള്ളത്.

(ഡി) വ്യാജ മുദ്രപത്രങ്ങൾ കണ്ടെത്തുന്നതിന് എല്ലാ ജില്ലകളിലും പരിശോധനകൾ കൃത്യമായ ഇടവേളകളിൽ നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ മതിയായ ജാഗ്രത പുലർത്തുന്നതിന് പ്രത്യേകം ശ്രദ്ധ നൽകുമോ?

(ഡി) റവന്യു വകുപ്പിൽ നിന്നും ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നില്ല. ട്രഷറി വകുപ്പിലാണ് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ